വാല്യം 28 ജൂലൈ 2019

# അഗപെ കയ്യെഴുത്തു മാസിക

agape




follow us:

+971 50 3243161 Gmail agape.magasine@gmail.com http://www.facebook.com/pages/Agape-Magasine

web : www.agapemagazine.com

# ഉള്ളടക്കം


1, മുഖവുര 03

2, നിങ്ങളുടെ സ്വഭാവം സാക്ഷ്യപ്പെടുത്തുക 06

ബ്രദർ :സാജു ജോൺ മാത്യു

3, മിഷനറി ചരിത്രം 10

ജോൺ ബനിയൻ

4, കണ്ണുനീരും സുവിശേഷവും 14

സിസ്റ്റർ. ആനി റെജി

5, ദൈവവും യോനയും പിന്നെ ഞാനും 19

ബെന്നി ജോർജ് മണലി

6, നീരുറവ 23

ജോബി ഡി ജോൺ

7, സങ്കിർത്തന ധ്യാനം 24

സിസ്റ്റർ: ലൗലി വർഗ്ഗിസ്

8, രൂത്ത് 27

ഷിബു ഡാനിയേൽ

9, ചോദ്യാവലി 33

# മുഖവുര

**ത**ങ്ങളുടെ ഊഴിയവേലയിൽ കഠിനപ്പെടുത്തുന്നവർ ഭരണസിരാകേന്ദ്രങ്ങളിൽ പിടിമുറുക്കുമ്പോൾ, വൈക്കോൽ തരാതെ ഇഷ്ടികയുടെ അളവു ഒട്ടും കുറക്കാതെ കാഠിന്യം പ്രവർത്തിക്കുമ്പോൾ, ബഹുമാനം കിട്ടിയ സ്ഥലത്തു നിന്ദയാരംഭിക്കുമ്പോൾ, ഒടുക്കം യോസഫിനെയും അവന്റെ പ്രവർത്തികളെയും അപ്പാടെ വിസ്മരിക്കുന്നതും അറിയാത്തതുമായ ഫറവോ രാജ്യഭരണമേല്ക്കുമ്പോൾ, പുറപ്പാടിന്റെ സമയം ദൈവം നമ്മെ ഓർമ്മിപ്പിക്കുന്നു.

**നമ്മുടെ കർത്താവു വരാറായി.**

**പുറപ്പെടാനൊരുങ്ങിക്കൊൾക.**

**നമ്മുടെ രാജാവിനെ എതിരേല്പ്പാൻ !**



യോസേഫിനെ അറിയാത്ത പുതിയൊരു രാജാവ് ഭരണം ഏറ്റെടുത്തുവെന്ന റിപ്പോർട്ടോടു കൂടിയാണ് പുറപ്പാട് പുസ്തകം ആരംഭിക്കുന്നത്. യോസഫ് എന്ന ദൈവ പുരുഷൻ കൊണ്ടുവന്ന ഭരണമാറ്റങ്ങൾ അറിയാത്ത, മിസ്രയീമിന്റെ രക്ഷകനായി മാറിയ വിവരം അറിയാത്തതോ ഭരണ പരിഷ്കാരങ്ങൾ തിരിച്ചറിയാത്തതോ ആയ പുതിയ രാജാവ്.

പഴയതെല്ലാം മറക്കുന്നവർ, അധഃസ്ഥിതരെയും പാർശ്വവൽക്കരിക്കപ്പെട്ടവരെയും മുൻപന്തിയിൽ എത്തിക്കുവാൻ അഹോരാത്രം പണിയെടുത്തവരെയും, ജീവൻ ബലികൊടുത്ത വീരപുരുഷൻമാരെയും അപ്പാടെ മറക്കുന്നവർ. വിദ്യാഭ്യാസ സമ്പ്രദായങ്ങളിൽ സമൂലമായ മാറ്റം വരുത്തിയവർ, അന്ധവിശ്വാസങ്ങൾ കൊണ്ടും അനാചാരങ്ങൾ കൊണ്ടും നരകതുല്യമായ ജീവിതത്തിൽ നിന്നും അനേകരെ മുൻപോട്ട് ഓടുവാൻ സഹായിച്ചവർ, ആതുരാലയങ്ങളും പള്ളിക്കൂടങ്ങളും അഗതിമന്ദിരങ്ങളും നിർമ്മിച്ചു രാജ്യത്തിന്റെ വിജ്ഞാനാവശ്യമായി മാറിയവർ, ഇവരെയൊക്കെയും വിസ്മരിച്ചു ചരിത്രം തങ്ങളിൽ നിന്നു തുടങ്ങുന്നു എന്ന ഭാവവുമായി കടന്നു വരുന്ന പുതിയ രാജാക്കൻമാർ.

ബഹുമാനം കിട്ടി സഞ്ചരിച്ച മിസ്രയീമിൽ ഇപ്പോൾ യിസ്രായേൽ ജനത്തിന്റെ ജീവിതം നരകതുല്യമാണ്. ഇനിയും എന്തിനു ജീവിച്ചിരിക്കണമെന്നു ചോദിക്കത്തക്ക നിലയിൽ ഇരുണ്ട വേളയിൽ ഉഴലുവാൻ അവരെ കഠിനപ്പെടുത്തുന്നു.

മിസ്രയീം എന്ന അടിമത്ത രാജ്യത്തിലെ പുതിയ രാജാവിനെ പരിചയപ്പെടുത്തിക്കൊണ്ടാണ് പുറപ്പാട് പുസ്തകം ആരംഭിക്കുന്നതെങ്കിൽ നാൽപതാം അദ്ധ്യായം കൊണ്ട് പുറപ്പാട് പുസ്തകത്തിനു വിരാമമിടുമ്പോൾ പുതിയ രാജാവിനെയല്ല പ്രത്യുത എന്നേക്കും രാജാവായിരിക്കുന്ന മിസ്രയീം എന്ന ഒരു രാഷ്ട്രത്തെ ഭരിക്കുന്നതായിട്ടല്ല, സകല രാജാക്കന്മാരുടെയും മുകളിൽ വാഴുന്ന രാജാവിന്റെ കരുതലിനെ കണ്ടു കൊണ്ടാണ് അവസാനിപ്പിക്കുന്നത്.

തങ്ങളുടെ ഇഷ്ടിക വേലയിൽ കഠിനപ്പെടുത്തുന്നവർ, ശരണാർത്ഥി കേന്ദ്രങ്ങളിൽ പിടിമുറുക്കുമ്പോൾ, വൈക്കോൽ തരാതെ ഇഷ്ടികയുടെ അളവു ഒട്ടും കുറയ്ക്കാതെ കാഠിന്യം പ്രവർത്തിക്കുമ്പോൾ, ബഹുമാനം കിട്ടിയ സ്ഥലത്ത് നിന്ദയാരംഭി- ക്കുമ്പോൾ, ഒട്ടും ജോസഫിനെയും അവന്റെ പ്രവർത്തികളെ- യും അപ്പാടെ വിസ്മരിക്കുന്നതും അറിയാത്തതുമായ ഫറവോ രാജ്യഭരണമേൽക്കുമ്പോൾ, പുറപ്പാടിന്റെ സമയം ദൈവം നമ്മെ ഓർമ്മിപ്പിക്കുന്നു. നമ്മുടെ കർത്താവു വരാറായി.

പുറപ്പെടാനൊരുങ്ങിക്കൊൾക. നമ്മുടെ രാജാവിനെ എതിരേല്പാൻ!



ബ്രദർ :സാജു ജോൺ മാത്യു

# നിങ്ങളുടെ സ്വഭാവം സാക്ഷ്യപ്പെടുത്തുക

എല്ലാവരും ഹാനോക്കുമായി രമ്യതയിൽ ആയിരുന്നു എന്ന് അതുകൊണ്ടു അർത്ഥമാക്കുന്നില്ല. ഹാനോക്കു അവന്റെ സമകാലീനരായ പലരെയും നീരസപ്പെടുത്തിയിട്ടുണ്ടാകുമെന്നു എനിക്കുറപ്പുണ്ട്. നിങ്ങൾക്കു ഒരേസമയം ദൈവത്തെയും മനുഷ്യരെയും പ്രസാദിപ്പിക്കുവാൻ കഴിയുകയില്ല ...

വായനാഭാഗം : ഉല്പത്തി 5:19 - 23

"വിശ്വാസത്താൽ ഹാനോക്ക് മരണം കാണാതെ എടുക്കപ്പെട്ടു. ദൈവം അവനെ എടുത്തുകൊണ്ടതിനാൽ കാണാതെയായി. അവൻ ദൈവത്തെ പ്രസാദിപ്പിച്ചു എന്നു അവൻ എടുക്കപ്പെടുന്നതിനു മുമ്പേ സാക്ഷ്യം പ്രാപിച്ചു. [എബ്രായർ 11:5]

സാധാരണയായി മരിച്ചുപോയവരെപറ്റി നാം നല്ലത് മാത്രമേ സംസാരിക്കാറുള്ളൂ. ഒരിക്കൽ അത്യാഗ്രഹനും അഹങ്കാരിയും ദുഷ്ടനുമായ ഒരു പിശുക്കൻ മരിച്ചു. വിയോഗ ദുഃഖത്തിൽ ആയിരിക്കുന്നവരുടെ മനസ്സിനെ വേദനപ്പെടുത്തുവാൻ ഇഷ്ടപ്പെടാതെ ശവസംസ്കാരത്തിനു പങ്കെടുത്തവർ അദ്ദേഹത്തെ കരുണയുള്ളവനും ദാനശീലനുമായി പുകഴ്ത്തി. ഈ വ്യർത്ഥ പ്രശംസകൾ കേട്ട അയാളുടെ ഭാര്യ തന്റെ മകനെ വിളിച്ച് പറഞ്ഞു; "മോനെ, നിന്റെ ഡാഡിയെപറ്റി അവർ പറയുന്നതെല്ലാം കേട്ടോ? ശവപ്പെട്ടിയുടെ അടുത്തു ചെന്നു സസൂക്ഷ്മം ശ്രദ്ധിച്ച് അതു നിന്റെ ഡാഡിതന്നെയോ എന്നു ഉറപ്പു വരുത്തു."

നിങ്ങൾ ഒരു നല്ല ജീവിതം നയിച്ചാൽ നിങ്ങൾ മരിക്കുമ്പോൾ തീർച്ചയായും ജനങ്ങൾ നിങ്ങളെ പുകഴ്ത്തും. എന്നാൽ, നിങ്ങളുടെ ജീവിതത്തിന്റെ യഥാർത്ഥ സാക്ഷ്യം ലഭിക്കുന്നത് മരിക്കുമ്പോഴല്ല, നിങ്ങൾ ജീവിച്ചിരിക്കുമ്പോൾ തന്നെയാണ്.

ഹാനോക്ക് വിശ്വാസത്തിന്റെ ജീവിതമാണ് നയിച്ചത്. അതെന്താണ് അർത്ഥമാക്കുന്നത്? പൂർണ്ണമായും ദൈവത്തിനു സമർപ്പിച്ച ഒരു ജീവിതമാണ് അവൻ ജീവിച്ചത്. അവൻ എപ്പോഴും ദൈവത്തെ സന്തോഷിപ്പി-

ചിരുന്നു. ഏതു വിധേനയും ദൈവത്തിന്റെ മുഖത്തൊരു
പുഞ്ചിരി വരുത്തുവാൻ അവൻ ആഗ്രഹിച്ചു. എല്ലായ്പോഴും

അവൻ ദൈവത്തിന്റെ ഹിതം അന്വേഷിക്കുകയും
അനുസരിക്കുകയും ചെയ്തു. ദൈവത്തോടു കൂടെ നടക്കുവാൻ
തക്കവണ്ണം തന്നെത്തന്നെ ശുദ്ധിയുള്ളവനായി സൂക്ഷിച്ച്
അവൻ ദൈവത്തെ പ്രസാദിപ്പിച്ചു.

എല്ലാവരും ഹാനോക്കുമായി രമ്യതയിൽ
ആയിരുന്നു എന്ന് അതുകൊണ്ട് അർത്ഥമാകുന്നില്ല.
ഹാനോക്ക് അവന്റെ സമകാലീനരായ പലരെയും
നീരസപ്പെടുത്തിയിട്ടുണ്ടാകും എന്നെനിക്കുറപ്പുണ്ട്. നിങ്ങൾക്ക്
ഒരേസമയം ദൈവത്തെയും മനുഷ്യരെയും പ്രസാദിപ്പിക്കുവാൻ
കഴിയുകയില്ല. [ഇവിടെ 'മനുഷ്യർ' എന്നു വിവക്ഷിച്ചിരിക്കുന്നതു
ദൈവിക ഉൾക്കാഴ്ചയില്ലാത്ത, മാനുഷിക ബുദ്ധിയിൽ -
വിവേകത്തിൽ - ഉള്ളവരെയാണ്. ജനങ്ങൾ ഹാനോക്കിനെ
അവന്റെ ദൈവഭക്തി മൂലം വെറുത്തപ്പോഴും അവൻ
ഏകനായ് നിന്നു ദൈവത്തെ പ്രസാദിപ്പിച്ചു. എങ്കിലും
അവനെ ആദരിക്കാത്തവർ - അവനോടു നീരസമുള്ളവർപോലും
അവരുടെ ഹൃദയത്തിൽ ഒരു കാര്യം സാക്ഷ്യപ്പെടുത്തി.
"ഇയാളുടെ ഹൃദയത്തിൽ ഒരു വിചാരമേയുള്ളൂ. എങ്ങനെയും
അവന്റെ ദൈവത്തെ പ്രസാദിപ്പിക്കണം".

ഒരു പക്ഷേ അവന്റെ കാലഘട്ടത്തിലെ ജനങ്ങൾ
ഹാനോക്കിനെ ചിത്തഭ്രമമുള്ളവനായി കണ്ടിരിക്കാം. ഈ
ഭൂമിയിലെ ജീവിതത്തിനു യോജിക്കാത്തവൻ... അതെ!
ചിലപ്പോൾ അതുകൊണ്ടാകാം ദൈവം പറഞ്ഞതു "വരൂ
മകനെ, ഞാൻ നിന്നെ, നിനക്കു യോജിച്ച ഒരു സ്ഥലത്താക്കാം.

നിങ്ങൾക്കും നിങ്ങളുടെ ദൈവത്തിന്റെ മുഖത്തു
ഒരു പുഞ്ചിരി കൊണ്ടുവരുന്ന രീതിയിൽ ജീവിക്കുവാൻ

അനുഗ്രഹിച്ചുണ്ടോ? അത് ചിലവേറിയത് ആയിരിക്കും. എന്നാൽ അത് വിലയേറിയതുമാണ്. മേൻമയേറിയതും പ്രാധാന്യമേറിയതുമാണ്. നിങ്ങൾക്ക് ചുറ്റുമുള്ളവർ... നിങ്ങളുടെ കുടുംബം, സുഹൃത്തുക്കൾ, അയൽക്കാർ, സഹപ്രവർത്തകർ, മെട്രോയിലെ സഹയാത്രികർ, പലചരക്കുകടയിലെ ജോലിക്കാർ... ഇവരൊക്കെ നിങ്ങളുടെ ജീവിതം അവൻ/...... അവൾ ദൈവത്തെയും സന്തോഷിപ്പിക്കുന്നവൻ/സന്തോഷിപ്പിക്കുന്നവൾ എന്ന് സാക്ഷ്യപ്പെടുത്തട്ടെ.

പ്രാർത്ഥന:

കർത്താവേ, നിന്റെ മുഖത്തൊരു പുഞ്ചിരി കൊണ്ടുവരുവാൻ എന്നെ സഹായിക്കണമേ. ആമേൻ.

കൂടുതൽ വായനയ്ക്കായി.


ഇയ്യോബ് 1:1-8

ലൂക്കോസ് - 7: 2-11

മറ്റുള്ളവരുടെ കഴിവിലേക്കും, അവർ ചെയ്യുന്നത് ഞാനാണ് ചെയ്തിരുന്നുവെങ്കിൽ കുറച്ചുകൂടെ മെച്ചമാകുമായിരുന്നു, അതിനേക്കാൾ ശ്രേഷ്ടമായി ഞാൻ ചെയ്യുമായിരുന്നു, കുറച്ചുകൂടെ വിദ്യാഭ്യാസം ഉണ്ടായിരുന്നെങ്കിൽ, കുറച്ചു ഭാഷ കൂടി എനിക്കറിയമായിരുന്നെങ്കിൽ... എനിക്കും ഒരു വെളിച്ചമാകമായിരുന്നു എന്നൊക്കെ വിചാരിക്കുന്നവർക്കു

**ജോൺ ബനിയൻ**

നല്ലൊരു പുസ്തകമാണ്.



JOHN BUNYAN
1628–1688

A.D. 1628-ൽ ഇംഗ്ലണ്ടിലെ ബെഡ്ഫോർഡിനു സമീപമുള്ള എൽസ്റ്റോ എന്ന ഗ്രാമത്തിൽ തോമസ് ബനിയന്റെ മകനായിട്ടാണ് ജോൺ ബനിയൻ ജനിച്ചത്. പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം പിതാവിന്റെ പാതയിൽ തകരപാത്ര നിർമ്മാണത്തിലേക്കാണ് ജോൺ ബനിയൻ പ്രവേശിച്ചത്. പതിനാറാമത്തെ വയസ്സിൽ അമ്മയുടെ മരണശേഷം വീടുവിട്ടിറങ്ങിയ ബനിയൻ പട്ടാളത്തിൽ ചേർന്നു. പട്ടാളത്തിൽ അധികനാൾ തങ്ങാതിരുന്ന ജോൺ ഇരുപതാമത്തെ വയസ്സിൽ വിവാഹിതനായി. സത്സ്വഭാവിയും ക്രിസ്തുവിൽ അടിയുറച്ചു വിശ്വസിച്ചിരുന്ന ഭാര്യ ജോണിനെ വിശ്വാസത്തിലേക്ക് നയിച്ചു.

ക്രിസ്തീയ ജീവിതം ആത്മികമായ സന്തോഷം അനുഭവിക്കുന്നതിനു പ്രദാനം ചെയ്തിരുന്നുവെങ്കിലും സാമ്പത്തികമായും ആരോഗ്യപരമായും വളരെ പിൻപന്തിയിലായിരുന്നു ആ കുടുംബം. അന്ധ മകളെ ഭർത്താവിനെ ഏൽപ്പിച്ചുകൊണ്ടു ഭാര്യ ഈ ലോകത്തു നിന്നു മറപ്പെട്ടു. ബനിയൻ ക്ഷയരോഗ ബാധിതനായി. കഷ്ടതയുടെ മദ്ധ്യത്തിലും ആത്മാവ് ശാന്തിയിലേക്കും സമാധാനത്തിലേക്കും കുതിച്ചുയർന്നു.

തകരപ്പണിക്കാരൻ ദൈവവിളി കേട്ടുകൊണ്ട് പൂർണ്ണസമയ സുവിശേഷ പ്രസംഗകനായി രൂപാന്തരപ്പെട്ടു. സുവിശേഷ പ്രവർത്തനം തടയപ്പെട്ടുകൊണ്ടു 1659-ൽ ചാൾസ് രണ്ടാമൻ രാജാവിന്റെ ഉത്തരവിനെ ധിക്കരിച്ചുകൊണ്ടും ബനിയൻ സുവിശേഷ പ്രവർത്തനം തുടർന്നു. തൻമൂലം ബനിയനെ ജയിലിൽ അടച്ചു. ക്ഷമാപണം നടത്തിയാൽ വിട്ടയക്കാമെന്നുള്ള വാഗ്ദാനത്തെ മനഃസാക്ഷിക്കു വിരുദ്ധമായി പ്രവർത്തിക്കുകയില്ല എന്ന മറുപടിയിൽ

അദ്ദേഹം തിരിച്ചു.

1675-ൽ ജയിൽവാസ വേളയിലാണ്, ബൈബിൾ കഴിഞ്ഞാൽ ലോകത്തിൽ ഏറ്റവും കൂടുതൽ ആളുകൾ വായിച്ചിട്ടുള്ള ~~ ~~ ഗ്രന്ഥമായ "പരദേശി മോക്ഷയാത്ര" അദ്ദേഹം രചിക്കുന്നത്. ക്രിസ്തീയ ജീവിതം സുദീർഘമായ ഒരു യാത്രയാണെന്നും നാശനഗരമായ ലോകത്തിൽനിന്നും തുടങ്ങുന്ന ആ യാത്ര സ്വർഗ്ഗമെന്ന മോക്ഷപുരിയിലാണ് ചെന്നു നിൽക്കുന്നതെന്നും അവിടേക്കുള്ള യാത്രയിൽ ഒരു വിശ്വാസിക്കു നേരിടേണ്ടി വരുന്ന പരീക്ഷണങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുന്ന അതിമനോഹരമായ ഒരു ആത്മീയ കൃതിയാണ് 'പരദേശി മോക്ഷയാത്ര' [Pilgrim's Progress]

ഒരു തകരപ്പണിക്കാരന്റെ പ്രസംഗിക്കുന്നത് ആദരിക്കുന്നത് ദോഷമല്ലേ എന്ന ചാൾസ് രാജാവിന്റെ ചോദ്യത്തിന് ബനിയന്റെ ആത്മമിത്രമായ ഡോക്ടർ ജോൺ ഓവന്റെ മറുപടി ഇപ്രകാരമായിരുന്നു "മനുഷ്യഹൃദയങ്ങളെ പൂർണ്ണമായി കീഴടക്കുവാൻ കഴിയുന്ന തകരപ്പണിക്കാരന്റെ ആത്മജ്ഞാനത്തിനു മുൻപിൽ എന്റെ ലോകജ്ഞാനം വെറും ഭോഷത്വമാണെന്നായിരുന്നു."

പ്രാഥമിക വിദ്യാഭ്യാസം മാത്രം നേടിയിട്ടുള്ള ഒരു തകരപ്പാത്ര നിർമ്മാണ തൊഴിലാളിയെ കൊണ്ട് ലോകത്തിന്റെ വെളിച്ചമാക്കി നിർത്തി ജ്ഞാനികളെ ലജ്ജിപ്പിച്ച ദൈവമാണ് — മുകളിൽ ചുരുക്കമായി വിവരിച്ചത്.

ശുശ്രൂഷകരുടെ കഴിവുകളിലേക്കും, അവർ ചെയ്യുന്നത് ഞാനാണ് ചെയ്തിരുന്നതെങ്കിൽ കുറച്ചുകൂടെ മെച്ചമാകുമായിരുന്നു. കുറച്ചുകൂടെ വിദ്യാഭ്യാസം ഉണ്ടായിരുന്നെങ്കിൽ, കുറച്ചു ഭാഷകൂടി അറിയാമായിരുന്നെങ്കിൽ... എനിക്കും ഒരു വെളിച്ചമാകാമായിരുന്നു എന്നൊക്കെ വിചാരിക്കുന്നവർക്കു ജോൺ ബനിയൻ നല്ലൊരു

പുസ്തകമാണ്.

ഏതു അവസ്ഥയിൽ നമുക്കും പൂർണ്ണമായി കർത്താവിന്റെ കരങ്ങളിൽ സമർപ്പിച്ചു കൊടുക്കാം. ലോകത്തിന്റെ വെളിച്ചമായിത്തീരുവാൻ. മലമേൽ ഇരിക്കുന്ന പട്ടണം പോലെ, തണ്ടിൻമേൽ കത്തിച്ചു വച്ച വിളക്കുപോലെ എല്ലാവരിലേക്കും ക്രിസ്തുവിന്റെ പ്രകാശം പരത്തുവാൻ.



നിങ്ങൾ ലോകത്തിന്റെ വെളിച്ചം ആകുന്നു;
മലമേൽ ഇരിക്കുന്ന പട്ടണം മറഞ്ഞിരിപ്പാൻ
പാടില്ല. വിളക്കു കത്തിച്ചു പറയിൻ
കീഴല്ല തിണ്മേലത്രെ വെക്കുന്നതു;
അപ്പോൾ അതു വീട്ടിലുള്ള എല്ലാ
വർക്കും പ്രകാശിക്കുന്നു.

മത്തായി 5 :14,15

**ലേഖനം**

സിസ്റ്റർ. ആനി റെജി

# കണ്ണുനീരും സുവിശേഷവും

**ഇതാ, പുതിയനിയമത്തിന്റെ ആദ്യ സുവിശേഷക; കണ്ണുനീർ തുടച്ചുകൊണ്ടു ഓടുന്നു. അതെ ഏകന്റെ ലംഘനത്താൽ അന്നു ഒരു സ്ത്രീ കണ്ണുനീർ തുടച്ചുകൊണ്ടു ദുഃഖത്തോടെ ഏദൻ തോട്ടം വിട്ടുപ്പോയി. എന്നാൽ ഇതാ ഏകന്റെ മരണപുനരുത്ഥാനത്താൽ ഇന്നു മറ്റൊരു സ്ത്രീ സന്തോഷാശ്രുക്കൾ പൊഴിച്ചുകൊണ്ടു മറ്റൊരു തോട്ടത്തിൽ നിന്നും പുറത്തുവരുന്നു...**



വായനാഭാഗം: യോഹന്നാൻ 20:11

"എന്നാൽ മറിയ കല്ലറെക്കൽ പുറത്തു കരഞ്ഞു കൊണ്ടു നിന്നു." ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ സമയം അതിരാവിലെ. ഇരുട്ടു മാറിത്തുടങ്ങിയിട്ടില്ല. യേശു ക്രൂശിൽ മരിച്ചടക്കപ്പെട്ടിട്ട് മൂന്നാം നാൾ...

അതുവരെ അനുഗമിച്ച പുരുഷാരം എവിടെ? അപ്പം തിന്നവർ എവിടെ? രോഗശാന്തി പ്രാപിച്ചവർ എവിടെ? കൂടെ നടന്ന ശിഷ്യന്മാർ എവിടെ? ഉപദേശം കേട്ടവർ എവിടെ? കർത്താവിനെ ക്രൂശിച്ച അവസാന നിമിഷം വരെയും ചിലരെങ്കിലും വിചാരിച്ചു ഇവൻ ക്രൂശിൽ നിന്നും രക്ഷപെട്ട് എന്തെങ്കിലും വലിയ അത്ഭുതം കാണിക്കും എന്ന്. തന്നെത്താൻ ക്രൂശിൽ നിന്നും രക്ഷപ്പെടുവാൻ ഒരു ശ്രമം പോലും നടത്താതെ ക്രൂശിൽ മരിച്ച യേശുവിനെയല്ല അതിൽ നിന്നു രക്ഷപെട്ട് തങ്ങൾക്ക് രാജ്യം യഥാസ്ഥാനപ്പെടുത്തി നല്കുകയും കൂടെ ഉണ്ടായിരുന്നവർക്കൊക്കെ ഉന്നത പദവികൾ നല്കി മാനിക്കുകയും ചെയ്യുന്ന യേശുവിനെ ആയിരുന്നു ആ സമൂഹത്തിൽ പലർക്കും ആവശ്യം.

ഇന്നും, മറ്റാർക്കും ലഭിക്കാത്ത പദവി നല്കി നിന്നെ മാനിക്കുന്നു. ആർക്കും ലഭിക്കാത്ത ജീവിതസൗകര്യങ്ങൾ നല്കി നിന്നെ മാനിക്കുന്നു. നീ പോകാത്ത, രാജ്യത്തു നിന്നെ കൊണ്ടു പോകുകയും കയറാത്ത വാഹനത്തിൽ കയറ്റുകയും ചെയ്യുമെന്നു എന്നിങ്ങനെയുള്ള വാഗ്ദത്തങ്ങൾ നല്കുന്ന ശുശ്രൂഷകൾ വിരളമല്ല.

ഇരുട്ടു മാറുന്നതു വരെപോലും കാത്തിരിക്കാതെ ഗുരുവിന്റെ മേൽ സുഗന്ധവർഗ്ഗം പൂശുവാനായി തന്റെ കല്ലറെക്കൽ എത്തിയ മൂന്നു സ്ത്രീകൾ. മഗ്ദലക്കാരത്തി മറിയ, യോഹന്നാ, യാക്കോബിന്റെ അമ്മ മറിയ (ലൂക്കോസ് 24:10)

തങ്ങളുടെ പ്രതീക്ഷക്കു വിപരീതമായി കല്ലറ തുറന്നിരിക്കുന്നതും യേശുവിന്റെ ശരീരം അവിടെ കാണാതാവുകയും ചെയ്തപ്പോൾ അവർ ദു:ഖപരവശരായി ശിമോൻ പത്രോസിന്റെയും യോഹന്നാന്റെയും അടുക്കൽ എത്തി വിവരം അറിയിച്ചു. മുമ്പേ ഓടിയെത്തിയ യോഹന്നാൻ കുനിഞ്ഞ കല്ലറയിലേക്കു നോക്കിനില്ക്കെ പിന്നാലെ വന്ന പത്രോസ് കല്ലറയിൽ കടന്നു ശീലകൾ കിടക്കുന്നതും അവന്റെ തലയിൽ ചുറ്റിയിരുന്ന ഊറുമാൽ ശീലകളോടുകൂടെ കിടക്കാതെ വേറൊരിടത്തു ചുരുട്ടി വച്ചിരിക്കുന്നതും കണ്ടു.

മടക്കിവച്ച ഊറുമാലിന്റെ സന്ദേശം:- എബ്രായ പാരമ്പര്യത്തിൽ ഒരു മടക്കിവച്ച ഊറുമാലിനു പ്രത്യേക അർത്ഥമുണ്ട്. എബ്രായ പ്രഭുക്കൻമാരുടെ തീൻമേശയിൽ വിഭവങ്ങൾ ഒരുക്കിവച്ചതിനു ശേഷം പ്ലേറ്റിനരികിൽ ഒരു ഊറുമാൽ വൃത്തിയായി മടക്കിവച്ചിരിക്കും. ആഹാരം വിളമ്പിയതിനു ശേഷം പരിചാരകൻ യജമാനൻ കഴിച്ചു കഴിയുന്നതുവരെ മാറിനില്ക്കും. തീൻമേശയിൽ നിന്ന് എഴുന്നേറ്റ് ഊറുമാൽകൊണ്ട് തന്റെ കയ്യും മുഖവും തുടച്ച് ഊറുമാൽ വെറുതെ മേശമേൽ ഇട്ടിട്ടു പോകയാണെങ്കിൽ അതുകൊണ്ട് അർത്ഥമാക്കുന്നത് ഞാൻ ഭക്ഷണം കഴിച്ചു കഴിഞ്ഞു ഇനിയും വരികയില്ല എന്നാണ്. എന്നാൽ താൻ എഴുന്നേറ്റു പോകുമ്പോൾ ആ ഊറുമാൽ മടക്കി വച്ചിരിക്കുകയാണെങ്കിൽ



അതുകൊണ്ട് അർത്ഥമാക്കുന്നത്, ഞാൻ ഭക്ഷണം പൂർത്തിയാക്കിയിട്ടില്ല. വീണ്ടും വരും എന്നാണ്.

യേശുകർത്താവിന്റെ കല്ലറയിലെ ഊറുമാൽ മടക്കിയാണ് വച്ചിരുന്നത്. അതിലൂടെ യജമാനൻ നമുക്കു സന്ദേശം തരുന്നു. "ഞാൻ മടങ്ങി വരും." അതെ നമ്മുടെ കർത്താവു വീണ്ടും വരും. പിള്ളേച്ചാ...

കല്ലറയ്ക്കൽ വന്നവരൊക്കെ മടങ്ങിപ്പോയി. കർത്താവിന്റെ ശരീരം കാണ്മാനില്ല എന്നല്ലാതെ അവൻ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേറ്റു എന്നു ആരും ചിന്തിച്ചതേയില്ല. എന്നാൽ പോകുവാൻ മനസ്സ് അനുവദിക്കാതെ തന്റെ ഗുരുവിനെ ഓർത്തുകൊണ്ട് കല്ലറയ്ക്കൽ മറിയ കരഞ്ഞുകൊണ്ടിരുന്നു. കരയുമ്പോഴും മറിയയ്ക്ക് ഗുരുവിന്റെ ശരീരം അവിടെ അടുത്ത് ഉണ്ടാവും, അല്ലെങ്കിൽ ആരെങ്കിലും എടുത്തുകൊണ്ട് പോയെങ്കിൽ താൻ അവരോട് വാങ്ങി സംസ്കരിച്ചുകൊള്ളാം എന്ന വാഞ്ച ഉണ്ടായി. ഒരു മൃത ശരീരം എടുക്കുവാനുള്ള ത്രാണി ഉണ്ടോയെന്നുപോലും ആലോചിക്കാതെ ഗുരുവിനോടുള്ള സ്നേഹം കാരണം മറിയ മനസ്സ് വച്ചു.

ഇത് വായിക്കുന്ന പ്രിയമുള്ളവരെ, മറിയയ്ക്കുപോലും വിശ്വസിക്കുവാനാവാത്തവിധം അവരുടെ പ്രതീക്ഷകൾക്കൊക്കെ അപ്പുറമായി ഉയിർത്തെഴുന്നേറ്റ പുതിയനിയമത്തിന്റെ മഹാ-പുരോഹിതനായ യേശു അവളെപേർചൊല്ലി വിളിച്ചു. 'മറിയമേ'.



തന്റെ കണ്ണുനീരിന്റെ മറുപടിയായി തന്റെ മുമ്പിൽ ആദ്യം പ്രത്യക്ഷനായ യേശുവിന്റെ ഉയിർപ്പിന്റെ സുവിശേഷവുമായി ആ കല്ലറയ്ക്കലിൽ നിന്നും സന്തോഷത്തോടെ ഓടി. "നമ്മുടെ കർത്താവ് ഉയിർത്തെഴുന്നേറ്റിരിക്കുന്നു. ഞാനവനെ കണ്ടു."

ഇതാ, പുതിയനിയമത്തിന്റെ ആദ്യ സുവിശേഷിക, കണ്ണുനീർ തുടച്ചുകൊണ്ട് ഓടുന്നു. അതെ ഏകന്റെ ലംഘനത്താൽ അന്നു ഒരു സ്ത്രീ കണ്ണുനീർ തുടച്ചുകൊണ്ട് ദുഃഖത്തോടെ

ഏദൻതോട്ടം വിട്ടുപോയി. എന്നാൽ ഇതാ ഏകന്റെ മരണ പുനരുത്ഥാനത്താൽ ഇന്ന് ഒരു സ്ത്രീ സന്തോഷാശ്രുക്കൾ പൊഴിച്ചുകൊണ്ട് മറ്റൊരു തോട്ടത്തിൽ നിന്നും പുറത്തുവരുന്നു.

പ്രിയമുള്ളവരേ, നാമും ഉയിർത്തെഴുന്നേറ്റ യേശുകർത്താവിനെ കണ്ടവരല്ലേ, നമുക്കും ഓടാം ലോകത്തോട് വിളിച്ചു പറയാം,

" നമ്മുടെ കർത്താവു ഉയിർത്തെഴുന്നേറ്റിരിക്കുന്നു.

ഞാനവനെ കണ്ടു." ...



ബ്രദർ. ബെന്നി ജോർജ് മണലി

സ്വാർത്ഥ തല്പരരായ ഒരു പറ്റം മനുഷ്യരുടെ സങ്കുചിതമായ പ്രവർത്തികളൊന്നും അവന്റെ ഉദ്ദേശത്തിനു ഭംഗം വരുത്തുകയില്ല. ദൈവം അവന്റെ സഭയെ പണിതുകൊണ്ടേയിരിക്കും. അതു ചിലപ്പോൾ മുൻപു മറുതലിച്ചിരുന്ന എന്നിലൂടെയാവാം..അല്ലെങ്കിൽ ഈ മാർഗ്ഗത്തെ തന്നെ ഉല്മൂലനം ചെയ്യുവാനെത്തിയ ശൗലിലൂടെയാവാം...

# ദൈവവും യോനയും പിന്നെ ഞാനും



അവൻ ചിലരെ അപ്പൊസ്തലൻമാരായും, ചിലരെ പ്രവാചകൻമാരായും ചിലരെ സുവിശേഷകരായും ചിലരെ ഇടയൻമാരായും ഉപദേഷ്ടാക്കൻമാരായും നിയമിച്ചിരിക്കുന്നു. നാം വളരെയധികം വായിച്ചതും ശ്രദ്ധിച്ചതുമായ ഒരു വേദഭാഗമാണ് ഇത്. ഇതിൽ നിന്നും കർത്താവ് എല്ലാവർക്കും എല്ലാ ശുശ്രൂഷകളും നൽകിയിട്ടില്ല എന്നു സ്പഷ്ടമാണ്. കാരണം ചിലരെ എന്നു വസ്തുനിഷ്ഠമായി ആവർത്തിച്ചു പറയുന്നു. ചിലരെ ചില ശുശ്രൂഷകൾക്കായി വേർതിരിക്കുന്നു. ആ ശുശ്രൂഷകൾക്കായി നാം ഉത്സാഹിച്ചു കൊടുക്കയും അതിനായി പ്രാർത്ഥിക്കുകയും പ്രാപിക്കുകയും വേണം. കാരണം നാമല്ല കർത്താവിന്റെ സഭയെ പണിയുന്നത്. നാം ഉപകരണങ്ങൾ മാത്രമത്രെ [മത്തായി 16:18 - ഞാൻ എന്റെ സഭയെ പണിയും.]

ഞാനീ ലേഖനം എഴുതുമ്പോൾ എന്നെ വേദനിപ്പിച്ച ഒരു കാര്യം ദൈവവചനത്തെ സ്വന്ത താല്പര്യത്തിനും, ദൈവ ശുശ്രൂഷകളെ സ്വാർത്ഥ താല്പര്യത്തിനുമായി ഉപയോഗിക്കുന്ന ഒരു തലമുറയിലാണ് നാമും എന്നതാണ്. വിദേശരാജ്യങ്ങളിൽ ശുശ്രൂഷക്കായി വരുന്നവരിൽ പലരും ശുശ്രൂഷ പ്രവചനത്തിൽ മാത്രമായി ഒതുക്കി നിർത്തുന്നു. പ്രവചനത്തിന്റെ യഥാർത്ഥ ഉദ്ദേശത്തിനു വിപരീതമായി സ്വന്തം പ്രശസ്തിക്കും സ്വാർത്ഥ ലാഭത്തിനുമായി ഉപയോഗിക്കുമ്പോൾ ദൈവവചനത്തെയാണ് അവർ കോട്ടിക്കളയുന്നത്. 1 കൊരിന്ത്യർ 14:3 പ്രവചിക്കുന്നവനോ ആത്മീയ വർദ്ധനക്കും പ്രബോധനത്തിനും ആശ്വാസത്തിനും മനുഷ്യരോടു സംസാരിക്കുന്നു. സത്യവിശ്വാസത്തെ മുറുകെ പിടിക്കുന്ന കുറച്ചുപേരെങ്കിലും ഈ കാലഘട്ടത്തിൽ ജീവിച്ചിരിക്കുന്നതിനാൽ നമുക്കു ദൈവത്തോടു നന്ദിചൊല്ലാം.

ദൈവകല്പന ലംഘിക്കുന്നത് ജാതികൾക്ക് സങ്കൽ
പിക്കുവാൻ കൂടി കഴിയാതെ വരുമ്പോൾ ദൈവശബ്ദം
കേട്ട് പ്രവാചകൻ അതിനെ തൃണവത്കരിക്കുന്നു. പ്രവാചകൻ
ഉറങ്ങുന്നു. ജാതികളോ ഭയന്ന് നിലവിളിക്കുന്നു.

സമുദ്രത്തിലാകുന്ന യോനയെ ദൈവം സംരക്ഷി
ക്കുന്നത് തന്റെ പ്രവൃത്തി തികയ്ക്കുവാനാകാം. സ്വന്തം പുത്രനെ
നൽകി സ്വന്തം സൃഷ്ടിയെ വീണ്ടെടുത്ത ദൈവത്തിനു യോനായി-
ലൂടെ അതു ചെയ്യേണ്ടിയിരിക്കാം. മത്സ്യത്തിന്റെ വയറ്റിൽ-
പെട്ട യോനാ അലറി വിളിക്കുന്നു, പ്രാർത്ഥിക്കുന്നു പോരാത്തതി-
നു ഉപവാസവും. തന്റെ ശുശ്രൂഷ പൂർത്തിയാക്കുവാൻ
ദൈവം പ്രവാചകനെ ഒരുക്കുകയായിരിക്കാം.

ന്യായവിധിയിലൂടെ നടപ്പാക്കപ്പെടേണ്ട ___
ഒരു സമൂഹം, മാനസാന്തരത്തിലൂടെ തിരിച്ചുവരുമ്പോഴും,
അവരുടെ ജീവിതത്തിൽ വിശുദ്ധിയും വേർപാടും പുതിയതായി
ചേർക്കപ്പെടുമ്പോഴും, ഒരു സമൂഹം മുഴുവനായി ദൈവകല്പന
അനുസരിക്കുമ്പോഴും ദൈവത്തോടു മുഷിയുന്ന, പിറുപിറു
ക്കുന്ന യോനയെപ്പോലുള്ള പ്രവാചകന്മാർ നമുക്കു ചുറ്റും ഇന്നുമുണ്ട്.
തന്റെ പ്രവർത്തനത്തിന്റെ സാധൂകരണത്തിലൂടെ തനിക്കു ലഭിക്കേ
ണ്ടിയിരുന്ന പേരും പ്രശസ്തിയും ദൈവകല്പനയേക്കാളും,
നശിക്കുന്ന ജനത്തിന്റെ മോചനത്തേക്കാളും വ്യക്തിപരമായ
സങ്കുചിത താല്പര്യത്തിലേക്കു കൂപ്പുകുത്തുന്ന ആത്മീയ വ്യാപാരം.
എന്നാൽ സർവ്വശക്തനായ ദൈവം
കോപിക്കാതെ നശിക്കുന്ന ആ സമൂഹ
ത്തോടു കാണിച്ച അതേ ക്ഷമയോടെ
പ്രവാചകനെ ഒരു സാധാരണ മനുഷ്യ
നെപ്പോലെ പറഞ്ഞു മനസ്സിലാക്കുമ്പോ
ഴും സ്വാർത്ഥ ചിന്ത വെടിയാതെ പ്രവാ
ചകൻ നിലകൊള്ളുന്നു. അതെ ലോകത്തെ സ്നേഹിക്കുന്നവർ-



ക്ക് ദൈവത്തെയും സഹസൃഷ്ടികളെയും സ്നേഹിക്കാനാവില്ല എന്ന യാഥാർത്ഥ്യം വെളിവാക്കുന്നു. ഈ ലോകത്തിന്റെ തണലിലും തണുപ്പിലും ആശ്രയിക്കുന്ന ദൈവജനത്തിനു ദൈവം നല്കുന്ന ഒരു താക്കീതാണ് ആവണക്കിലൂടെ നമ്മോടു പറയുന്നത്. ഒപ്പം എല്ലാ സൃഷ്ടികളോടും ദൈവം തന്റെ കരുണ കാണിക്കുന്നു എന്നും.

സ്വന്തം പുത്രനെ ആദരിക്കാതെ ഈ ലോകത്തിന്റെ മോചനത്തിനായി ഏല്പിച്ചുതന്ന ദൈവത്തിനു സ്വന്തം സൃഷ്ടികൾ ഏറ്റം വിലപ്പെട്ടതാണ്. അത് ഒന്നും നശിക്കാതിരിക്കണം എന്നും അവൻ ആഗ്രഹിക്കുന്നു. സ്വാർത്ഥം താല്പര്യക്കാരായ ഒരു പറ്റം മനുഷ്യരുടെ സങ്കുചിതമായ പ്രവർത്തികളൊന്നും അവന്റെ ഉദ്ദേശത്തിനു ഭംഗംവരുത്തുകയില്ല. അവൻ അവന്റെ സഭയെ പണിതുകൊണ്ടേയിരിക്കും. അതു ചിലപ്പോൾ മുതലിക്കുന്ന പുഴുവിലൂടെയാവും അല്ലെങ്കിൽ ഈ മർദ്ദത്തെത്തന്നെ ഉന്മൂലനം ചെയ്യുവാനെത്തിയ ശൂലിലൂടെയാവാം...

# നീരുറവ

ജോബി ഡി ജോൺ

യുദ്ധവും ക്ഷാമവും കേൾക്കും വേളയിൽ
കാഹളനാദം കേൾക്കാൻ നേരമടുത്തതിൽ
ഉണർന്നിടുന്നു ഞാൻ ഒരുങ്ങിടുന്നു ഞാൻ
എൻ നാഥനോടൊത്തു പോകുവാനായി

കഴുകിടണമെ എന്റെ അകൃത്യങ്ങളെ
ഒരുക്കേണമെ നിൻ നിറവിനായ്
മറച്ചീടണമെ ഞങ്ങളെ നിൻ ചിറകിൻ മറവിൽ
പോക്കേണമെ എൻ പാപക്കറകളെ

ഉണർന്നിരിക്കുന്നിതാ ഞാൻ നിൻ സന്നിധിയിൽ
അനുസരിക്കുന്നിതാ ഞാൻ നിൻ പ്രമാണങ്ങൾ
പാലിക്കുന്നു ഞാൻ നിൻ കല്പനകൾ
നിറക്കേണമെ എന്നിൽ ജീവജലമാം നീരുറവ!



സിസ്റ്റർ: ലൗലി വർഗ്ഗീസ്

# സങ്കീർത്തനങ്ങൾ 49

എന്റെ വായ് ജ്ഞാനം പ്രസ്താവിക്കും; എന്റെ ഹൃദയത്തിലെ ധ്യാനം വിവേകം തന്നേ ആയിരിക്കും. ഞാൻ സദൃശവാക്യത്തിന്നു എന്റെ ചെവിചായക്കും; കിന്നരനാദത്തോടെ എന്റെ കടങ്കഥ കേൾപ്പിക്കും.



സംഗീതപ്രമാണിക്ക് എന്ന തലക്കെട്ടിൽ കോറഹ് പുത്രന്മാർ രചിച്ച സങ്കീർത്തനമാണിത്. 150 അദ്ധ്യായങ്ങളുള്ള സങ്കീർത്തന പുസ്തകത്തെ പ്രമേയത്തിനനുസരിച്ചു വീണ്ടും അഞ്ചു ചെറുപുസ്തകങ്ങളായി തിരിച്ചിട്ടുണ്ട്. നാല്പത്തിയൊമ്പതാം സങ്കീർത്തനം ഉൾപ്പെടുന്ന രണ്ടാം പുസ്തകത്തിന്റെ പ്രമേയം 'വീണ്ടെടുപ്പ്' ആണ്.

സാമാന്യജനം, ശ്രേഷ്ഠജനം, ധനവാൻ, ദരിദ്രൻ എന്നി വ്യത്യാസങ്ങളില്ലാതെ, ഈ ലോകത്തിലെ സകല മനുഷ്യജാതിയോടുമുള്ള ഒരു ബുദ്ധിയുപദേശമായി അല്ലെങ്കിൽ വീണ്ടെടുപ്പിനുള്ള ആഹ്വാനമായി നമുക്കിതിനെ കാണാം.

ഇതിന്റെ 3,4,15 വാക്യങ്ങളിൽ സങ്കീർത്തനക്കാരന്റെ ദൈവവുമായുള്ള ബന്ധം, അവന്റെ ദൈവാശ്രയം, വിശ്വാസം, പ്രത്യാശ ഇവ വിവരിച്ചിരിക്കുന്നു. സത്യവാക്യത്തിനു ചെവി ചായിച്ചു അതിനെ ഹൃദയത്തിൽ ധ്യാനിച്ചു വിവേകം പ്രാപിച്ചു വായ്കൊണ്ടു ജ്ഞാനം പ്രസ്താവിക്കുന്ന ഞാൻ പതിനഞ്ചാം വാക്യത്തിൽ ഉറപ്പായി പ്രസ്താവിക്കുന്നു ദൈവം എന്റെ പ്രാണനെ പാതാളത്തിന്റെ അധികാരത്തിൽ നിന്നു വീണ്ടെടുക്കും. അവൻ എന്നെ കൈക്കൊള്ളും.

ദൈവത്തിൽ ആശ്രയം വെക്കാതെ തങ്ങളുടെ സമ്പത്തിൽ ആശ്രയിക്കുകയും ധനസമൃദ്ധിയിൽ പ്രശംസിക്കുകയും ചെയ്യുന്ന മനുഷ്യനെപ്പറ്റി പറയുന്നു; തങ്ങളുടെ ഭവനങ്ങൾ ശാശ്വതമായും വാസസ്ഥലങ്ങൾ തലമുറ തലമുറയായും നിൽക്കും എന്നാണ് അവരുടെ നിരൂപണം. അവർ തങ്ങളുടെ ഭവനത്തിന്റെ മഹത്വം വർദ്ധിപ്പിക്കുകയും തങ്ങൾക്കുതന്നെ നന്മ ചെയ്ത മനുഷ്യരുടെ പുകഴ്ച നേടുകയും ചെയ്യുന്നു. എന്നാൽ അവർ മരിക്കുമ്പോൾ ഈ ധനമോ, ബഹുമാനമോ, പുകഴ്ചയോ ഒന്നും അവരെ പിൻചെല്ലുന്നില്ല. ഇതൊന്നു

കൊണ്ടുപോകുവാനും സാധ്യമല്ല. ജ്ഞാനികളും മൂഢന്മാരും മൃഗപ്രായന്മാരും എല്ലാം ഒരുപോലെ നശിക്കുകയും തങ്ങളുടെ സമ്പാദ്യം മറ്റുള്ളവർക്കു വിട്ടേച്ചു പോകുകയും ചെയ്യുന്നു.

ഈ സങ്കീർത്തനത്തിന്റെ അഞ്ചാം വാക്യത്തിൽ മനുഷ്യന്റെ മറ്റൊരു മൂഢ ചിന്ത കാണുവാൻ കഴിയും. 'അകൃത്യം എന്റെ കുതികാലിനെ പിന്തുടർന്ന് എന്നെ വളയുമ്പോൾ ഞാൻ ഭയപ്പെടുകയില്ല' എന്നവൻ പറയുന്നു. എന്നാൽ സ്വന്തപ്രാണനെ വീണ്ടെടുക്കുവാനോ, സഹോദരൻ ശവക്കുഴി കാണാതെ എന്നേക്കും ജീവിക്കേണ്ടതിനു അവനെ വീണ്ടെടുക്കുവാനോ, ദൈവത്തിനു വീണ്ടെടുപ്പുവില കൊടുക്കുവാനോ അവന്റെ സമ്പത്ത് ഉപകരിക്കുന്നില്ല.

എന്നാൽ നമുക്കൊരു വീണ്ടെടുപ്പുകാരനുണ്ട്. പിശാചിന്റെ പിടിയിൽ നിന്നും നമ്മെ വീണ്ടെടുത്ത് ശവക്കുഴിക്കും അപ്പുറം നിത്യജീവനിലേക്കു നമ്മെ പ്രവേശിപ്പിക്കുന്നതിനായി, ഈ ലോകത്തിൽ ഒരു മനുഷ്യനായി വന്ന് അവസാനതുള്ളി രക്തവും നമ്മുടെ വീണ്ടെടുപ്പു വിലയായി നൽകിയ ദൈവപുത്രനായ യേശുക്രിസ്തു. നമ്മുടെ സമ്പാദ്യങ്ങളെക്കാളും സ്ഥാനമാനങ്ങളെക്കാളും ഉപരിയായി പുഴുവും തുരുമ്പും കെടുക്കാതെയും കള്ളന്മാർ തുരന്നു മോഷ്ടിക്കാതെയുമിരിക്കുന്ന സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിച്ചുകൊൾവിൻ. എന്നു പറഞ്ഞ യേശുക്രിസ്തുവിൽത്തന്നെ ആയിരിക്കട്ടെ നമ്മുടെ ആശ്രയവും പ്രത്യാശയും.

അപ്പോൾ നമുക്കും സങ്കീർത്തനക്കാരനോടു ചേർന്നു പറയുവാനാകും 'ദൈവം എന്റെ പ്രാണനെ പാതാളത്തിൽ നിന്നു വീണ്ടെടുക്കും; അവൻ എന്നെ ചേർത്തുകൊള്ളും.'

വഴിത്തലക്കലേക്കു ഓർപ്പയുടെ പോക്കും നോക്കി നിന്ന നൊവൊമിയെ പുറകിലൂടെ വന്ന രൂത്ത് കെട്ടിപ്പിടിച്ചു. നൊവൊമിയുടെ സങ്കടം അണ പൊട്ടിയൊഴുകി. 'നിന്റെ അനുജത്തി അവളുടെ വീട്ടിലേക്കും അവളുടെ ദൈവത്തിന്റെ അടുക്കലേക്കും പോയില്ലേ, നീയും പൊക്കോ.
ഇനിയും താമസിക്കണ്ട...' നൊവൊമി ശബ്ദത്തിനു ഘനംപിടിപ്പിച്ചു. 'ഇനിയും നൊവൊമിയില്ല...
**മാറായാണ് ഞാൻ മാറാ...**
നൊവൊമി
വിങ്ങിപ്പൊട്ടി...



ഷിബു ഡാനിയേൽ



# രൂത്ത്

പാത്രത്തിലിരുന്ന അരിയുടെ കല്ലും പതിരും ശ്രദ്ധയോടെ ഉമ്മറപ്പടിയിൽ ഇരുന്ന് നോക്കുകയാണ് നൊവൊമി. മുറത്തിൽ നിന്നും പതിര് പെറുക്കുന്നതിനിടയിൽ തന്നെ രണ്ടും മൂന്നും അരിമണികൾ വായിലേക്കിടുവാനും മറക്കുന്നില്ല. കുറച്ച് ഭാഗത്ത് അടുത്ത് തന്നെ കല്ലും കോലും ഉണക്കി പച്ചില്ലാത്ത ഗോതമ്പും കൂട്ടിയിട്ടുണ്ട്. പിഞ്ഞ തേച്ച് കിടത്തിയിരിക്കുകയാണ് കുളിപ്പിക്കുവാനായി. ഈ ഇടവേളയിലാണ് രൂത്ത് അമ്മായിയമ്മയുടെ കൈവശം മുറത്തിൽ അരി പാറ്റുവാനായി കൊടുത്തത്. കൊച്ചുമകനെ പിരിഞ്ഞ് ഒരു നിമിഷം പോലും നൊവൊമിയിരിക്കയില്ല. കുളിപ്പിക്കുന്നതും ഉറക്കുന്നതും എല്ലാം വല്യമ്മച്ചി തന്നെ... കണ്ടാൽ തോന്നും ഇവർ പ്രസവിച്ചതാണെന്ന്. അയൽക്കാർ അങ്ങനെത്തന്നെയാണ് പറയുന്നത്. നൊവൊമിക്ക് ഒരു മകൻ ജനിച്ചെന്ന്.

ഒട്ടേറെ കഥകൾ നിശബ്ദമായി പറഞ്ഞുകൊണ്ട് ചുമരിൽ അടുത്തടുത്തായിരുന്ന മൂന്ന് ഛായാചിത്രങ്ങൾ. എലിമെലെക്, മഹ്ലോൻ, കില്യോൻ... ഈ ഛായാചിത്രങ്ങൾ തന്റെ ഭൂതകാല സ്മരണകളെ വീണ്ടും പൊടിതട്ടിയെടുത്തു. കുടുംബത്തിലെ മൂന്ന് പുരുഷന്മാർ. മുൻപിലും പുറകിലുമായി മൂന്ന് സ്ത്രീകളെ വിധവമാരാക്കിയിട്ട് ഒട്ടേറെ കണ്ണുനീർ നൽകിയിട്ട് പറന്നവർ. ഇപ്പോൾ ഈ വീട്ടിൽ മൂകത മാത്രം കളിയാടുന്നു. മൂകരായി ഓരോ മുറിയിൽ ഓർപ്പയും രൂത്തും പിന്നെ അമ്മായിയമ്മ നൊവൊമിയും.



ഒരു നല്ലകാലം പ്രതീക്ഷിച്ച് ജീവിതം പടുത്തുയർത്തുവാനായി ഇറങ്ങിപ്പുറപ്പെട്ട എലിമെലെക്കും

കുടുംബവും കുടിയേറി പാർത്ത നാട്ടിൽനിന്നു മക്കൾക്ക് ഭാര്യമാരെയും കണ്ടെത്തി. ബാധ്യതകൾ ഒന്നുമില്ല. രണ്ടു ആൺ-പിള്ളേരുണ്ടല്ലോ അവരെന്നെ നോക്കുമെങ്കിലും ജീവിച്ചോളും എന്നൊരു ചിന്തയിൽ നിന്നു ഇന്നു ഈ വീട്ടിൽ ആൺതരികളില്ലാതെ മാറിയിരിക്കുന്നു. മൂന്നു സ്ത്രീകൾ മാത്രം. മൂന്നും വിധവകൾ.

മോവാബ് ദേശം ഇനിയും പറ്റിയതല്ല എന്നൊരു തിരിച്ചറിവ് നവോമിയെ മടക്കയാത്രക്കു പ്രേരിപ്പിച്ചു. യെഹൂദയിലെ ബേത്ലഹേമിലേക്കു.

പെട്ടികൾ ഓരോന്നായി പായ്ക്കു ചെയ്യുമ്പോഴും അവിടെ മൂകത തളം കെട്ടി നിന്നു. കിടക്കയുടെ അടിയിൽ നിന്നും എല്ലാം പെറുക്കിയെടുക്കുമ്പോൾ നവോമിയുടെ കണ്ണുകൾ നിറഞ്ഞു തുളുമ്പിയിരുന്നു. മോവാബിലേക്കുള്ള യാത്രയിൽ ഭർത്താവും ആൺപിള്ളേരും കൂടിയാണ് എല്ലാം ചെയ്തിരുന്നത്. ഇന്ന്... ഓർമ്മകൾ വീണ്ടും വീണ്ടും കണ്ണുകളെ ഈറനണിയിക്കുന്നു. മടങ്ങിപ്പോകുമ്പോൾ ഓർത്തു സന്തോഷിക്കുവാൻ യാതൊന്നുമില്ലാതെ... നവോമി നെടുവീർപ്പിട്ടു...

രൂത്ത് മെല്ലെ ശബ്ദം കേൾപ്പിക്കാതെ കട്ടിലിന്റെ തലക്കൽ വന്നിരുന്നു. നവോമി തലയുയർത്തി. കണ്ണീർ തുടച്ചുകൊണ്ട് ചുണ്ടിൽ ഒരു ചിരി വരുത്തി. രൂത്ത് അമ്മായിയമ്മയെ കാൺകെ മൂക്കു പിഴിഞ്ഞു. കണ്ണീർ സാരിത്തലപ്പിൽ തുടച്ചു. 'നിങ്ങളെ പിരിഞ്ഞിരിക്കുവാൻ എനിക്കു ഒട്ടും മനസ്സായിട്ടില്ല. കില്യോന്റെ ഓർമ്മകൾ ഉള്ള ഈ വീട്ടിൽ നിന്നും എനിക്കെങ്ങനെ പോകുവാൻ കഴിയും.' 'അപ്പോൾ എന്റെ കൂടെ ബേത്ലഹേമിലേക്കു പോരു വരികയാണോ'? പെട്ടെന്നു നവോമി രൂത്തിനോടു ആരാഞ്ഞു.

'ഞാനാണെങ്കിൽ ഞങ്ങളുടെ സ്ഥലം വിട്ട് വേറെ എവിടെയും പോയി ജീവിച്ചിട്ടില്ല. പിന്നെ അങ്ങോട്ടു വന്നാൽ എന്റെ വീട്ടിലോട്ട് ഒന്നു പോകണമെങ്കിൽ അതിനു പിന്നെ സാധിക്കുകയുമില്ല. ഇന്നലെ ഞാൻ ഒരുപോള കണ്ണടച്ചിട്ടില്ല. അമ്മച്ചിയെ ഓർക്കുമ്പോഴാ എനിക്കു സങ്കടം. ഞാനെങ്ങനെ പിരിഞ്ഞിരിക്കുമെന്നു. ങാ... എന്റെ വിധിയെന്നു ഓർത്തു സമാധാനിക്കാം...' ഓർപ്പ വീണ്ടും കണ്ണു തുടച്ചു.

ഓർപ്പ പിരിയുകയാണെന്നു നൊവൊമിക്കു മനസ്സിലായി. വർഷങ്ങൾ ഒരുമിച്ചു. തന്റെ ഇളയ മകന്റെ ഭാര്യ... അവളുടെ സാധനങ്ങൾ എല്ലാം എടുത്തു ഓർപ്പ ഇറങ്ങുവാനായി തുടങ്ങി. അവൾ അമ്മായിയമ്മയെ കെട്ടിപ്പിടിച്ചു കരഞ്ഞു. ചുംബിച്ചു. പിരിഞ്ഞു.

വഴിത്തലയ്ക്കലേക്ക് ഓർപ്പയുടെ പോക്കും നോക്കി നിന്ന നൊവൊമിയെ പുറകിലൂടെ വന്ന റൂത്ത് കെട്ടിപ്പിടിച്ചു. നൊവൊമിയുടെ സങ്കടം അണപൊട്ടിയൊഴുകി. "നിന്റെ അനിയത്തി അവളുടെ വീട്ടിലേക്കും അവളുടെ ദൈവത്തിന്റെ അടുക്കലേക്കും പോയില്ലേ. നീയും പൊയ്ക്കോ. ഇനിയും താമസിക്കണ്ടാ..." നൊവൊമി ശബ്ദത്തിനു ബലം പിടിപ്പിച്ചു. സർവ്വശക്തനു പോലും വേണ്ട എന്നെ. അവൻ എന്നോടു കൈപ്പായുള്ളതു പ്രവർത്തിച്ചു... ഇനിയും നൊവൊമിയില്ല... മാറയാണ് ഞാൻ മാറാ..." നൊവൊമി വിങ്ങിപ്പൊട്ടി... റൂത്തിന്റെ സർവ്വനിയന്ത്രണവും പോയി. അവൾ അമ്മായിയമ്മയെ ചേർത്തുപിടിച്ചു...
"നീ മരിക്കുന്നിടത്തു ഞാനും മരിക്കുകയുള്ളൂ. അവിടെ എന്നെയും അടക്കുകയുള്ളൂ."
നീ പാർക്കുന്നിടത്തു, ഞാനും പാർക്കുകയുള്ളൂ. നിന്റെ ജനം ഇനിമുതൽ എന്റെയും കൂടെ ജനം ആണ്. നമുക്കു കൈപ്പായുള്ളതൊക്കെ സംഭവിച്ചിരിക്കാം. നമ്മുടെ പ്രിയപ്പെട്ടവരെല്ലാം

ന്നെ വിട്ടു പിരിയുകയും ചെയ്തു... ഒടുക്കം ഇതാ നമ്മുടെ ഓർപ്പയും... എന്നാലും നിന്റെ ദൈവം തുണയ്ക്കും".

"എനിക്കുറപ്പുണ്ട് നിന്റെ ദൈവം അറിയാതെ നമ്മുടെ



ജീവിതത്തിൽ ഒന്നും സംഭവിക്കുകയില്ലെന്ന്. മടങ്ങിപ്പോകുവാൻ നീ എന്നോടു പറയരുത്. വിട്ടുപിരിയുവാൻ എനിക്കു കഴിയുന്നില്ല. എനിക്കതിനു പറ്റുന്നില്ല..." ...റൂത്ത് നൊവൊമിയുടെ കാലിലേക്കു ഊർന്നു കെട്ടിപിടിച്ചു.

റൂത്തിന്റെ നിശ്ചയ ദാർഢ്യത്തിനു മുൻപിൽ നൊവൊമിക്കു അധികനേരം പിടിച്ചു നിൽക്കുവാനായില്ല. ശരിയാണ് റൂത്ത് എനിക്കു പത്തു മക്കളെക്കാൾ നല്ലവളാണ്. യവക്കൊയ്ത്തിന്റെ കാലത്ത് ഇരുവരും ബേത്‌ലഹേമിൽ എത്തിയപ്പോൾ മുതൽ ഒരു സമയം പോലും വിശ്രമിക്കാതെ അവൾ അധ്വാനിച്ചുകൊണ്ടേയിരിക്കുന്നു. അവൾ പറഞ്ഞതുപോലെ മരണത്താലല്ലാതെ വിട്ടുപിരിയാത്തൊരു സ്നേഹം. യിസ്രായേലിന്റെ ദൈവമായ യഹോവയുടെ ചിറകിൻ കീഴെ ആശ്രയിച്ചു വന്നിരിക്കുന്ന അവൾക്കു അവൻ പൂർണ്ണ പ്രതിഫലം നൽകും നിശ്ചയം. യിസ്രായേൽ ഗൃഹം പണിത റാഹേലിനെപ്പോലെയും ലേയയെപ്പോലെയും...

"അരിയിനിയും കഴുകുവാൻ വെള്ളമൊഴികളുണ്ടല്ലോ, ആവശ്യത്തിനു കണ്ണീരു അരികത്തു വീണു കുതിർന്നിട്ടുണ്ടല്ലോ..." റൂത്തിന്റെ സ്നേഹത്തോടുള്ള ആദരമാണ് നൊവൊമിയെ ഓർമ്മയിൽ നിന്നു എഴുന്നേൽപ്പിച്ചത്. കവിളിനു ഒരു മുത്തം കൊടുത്തു സാരിത്തലപ്പുകൊണ്ടു നൊവൊമിയുടെ കണ്ണീർ അവൾ തുടച്ചുകൊടുത്തു. ബോവസ് വരുന്നതിനു മുമ്പേ [illegible] ഒരുക്കുവാൻ റൂത്ത് വീണ്ടും അടുക്കളയിലേക്കു മടങ്ങി.

അമ്മച്ചിയെ നോക്കിക്കൊണ്ടു കുഞ്ഞു ഓമന കാട്ടി ഓബേദ് അപ്പോഴും കൈകളിലിരിക്കുന്നുണ്ടായിരുന്നു.

...രൂത്ത് എന്ന ഒരു സ്ത്രീയുടെ നിശ്ചയദാർഢ്യം, അവളുടെ കഠിനാദ്ധ്വാനം, ത്യാഗമനോഭാവം, അചഞ്ചലമായ സ്നേഹം, യൂദന്മാരുടെ തലമുറയെ വാർത്തെടുക്കുവാൻ തുടങ്ങി. അനേക തലമുറകൾക്കപ്പുറം നിത്യരാജാവായ നമ്മുടെ കർത്താവിന്റെ വംശാവലിയിൽ രൂത്തും സ്ഥാനം പിടിച്ചു...



# ചോദ്യാവലി



i. ബാലിന്നു മുഴങ്കാൽ മടക്കാത്ത എത്രപേരെയാണ് യിസ്രായേലിൽ ദൈവം ശേഷിപ്പിച്ചിരിക്കുന്നത്?

ii. ദോഷവും വ്യഭിചാരവുമുള്ള തലമുറ എന്താണ് തിരയുന്നത്?

iii. ഞാൻ സ്വർഗ്ഗീയദർശനത്തിനു അനുസരണക്കേടു കാണിക്കയില്ല എന്നു പൗലോസ് ആരോടാണ് പറയുന്നത്?

ഉത്തരങ്ങൾ അയക്കേണ്ട വിലാസം -
agape.magasine@gmail.com.


കഴിഞ്ഞ ലക്കത്തിലെ ഉത്തരങ്ങൾ-

i. "ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു" എന്നു കർത്താവു ഏതു സന്ദർഭത്തിലാണ് പറഞ്ഞത്?
ഉത്തരം- ലാസർ മരിച്ചപ്പോൾ മാർത്തയോട്. [John 11:25]

ii. യേശു കർത്താവ് 'കുറുക്കൻ' എന്നു സംബോധന ചെയ്തത് ആരെ?
ഉത്തരം: ഹെരോദാവിനെ [Luke 13:31-32]

iii. ഒരിക്കൽ മരണവും പിന്നെ ന്യായവിധിയും ദൈവം ആർക്കായി നിയമിച്ചിരിക്കുന്നു?
ഉത്തരം: മനുഷ്യർക്ക്. [Hebrews 9:27-28]

ശരിയായ ഉത്തരം അയച്ചത്. സിസ്റ്റർ. ആനി റാജി.




follow us:

+971 50 3243161 Gmail agape.magasine@gmail.com www.facebook.com/agapemagasine

web: www.agapemagazine.com